**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡ്സ്-പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു മെഡിക്കൽ സംരംഭക എക്കോ സിസ്റ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതിന്റെ ഭാഗമായി മെഡ്-ടെക് സ്റ്റാർട്ടപ്പുകൾക്കും നിർമ്മാതാക്കൾക്കും വേണ്ടി മെഡ്സ്-പാർക്ക് സജ്ജീകരിച്ചിട്ടുണ്ടോ; ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ലൈഫ് സയൻസസ് പാർക്ക് ഒന്നാം ഘട്ടത്തിലെ 9 ഏക്കർ സ്ഥലത്ത് ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായിട്ട്, മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്-പാർക്ക്) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി മുഖേന പുതിയ മെഡിക്കൽ ഉപകരണങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.<br><br>മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ കൊടുക്കുന്നു:-<br><br>1. Prototyping – Pilot Manufacturing and Incubation Centre<br>2. Medical Device Testing & Evaluation Centre<br>3. R&D and Knowledge Resource Centre<br>4. Large Animal Breeding Testing Centre<br><br>മെഡ്സ്പാർക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദിഷ്ട സൗകര്യങ്ങൾ ഉപയോഗിച്ച് കമ്പനികൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ഉപകരണങ്ങളുടെ prototype ഉണ്ടാക്കുന്നതിനും ആയതിന് വേണ്ട പരിശോധനകൾ നടത്തുവാനും pre-clinical trials നടത്തുവാനും സാധിക്കുന്നതാണ്.<br><br>Individual investors, സ്റ്റാർട്ടപ്പ് കമ്പനികൾ, തങ്ങളുടെ നൂതന ഉൽപ്പന്നങ്ങൾ വാണിജ്യ വൽക്കരണത്തിലേക്ക് കൊണ്ടുപോകാൻ ആഗ്രഹിക്കുന്ന എസ്.എം.ഇ-കൾ എന്നിവരാണ് ഇതിന്റെ ഗുണഭോക്താക്കൾ. തിരുവനന്തപുരത്തെ |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട മെഡ്സ്പാർക്ക് പ്രധാനമായും ഇംപ്ലാന്റുകളും എക്സ്ട്രാ കോർപ്പറൽ ഉപകരണങ്ങളും ഉൾപ്പെടുന്നതാണ്. ഈ മേഖലയിൽ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള വൈദഗ്ധ്യവും അനുഭവപരിചയവും ഉപയോഗപ്പെടുത്തി കൊണ്ട് ഉയർന്ന അപകടസാധ്യതയുള്ള ഇംപ്ലാന്റുകളുടെയും എക്സ്ട്രാകോർപ്പറൽ ഉപകരണങ്ങളുടെയും ഒരു പ്രധാന മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും അതുവഴി രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ വരുന്ന ഇതര മെഡിക്കൽ ഉപകരണ പാർക്കുകളുമായി ബന്ധപ്പെട്ട് മൂലധന നിക്ഷേപത്തിലെ ഓവർലാപ്പ് ഒഴിവാക്കാനുമാണ് മെഡ്സ്പാർക്ക് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി മൂലം പുതിയ മെഡിക്കൽ ഉപകരണങ്ങൾ ഇന്ത്യയിൽ കണ്ടുപിടിക്കാനും, ഇത് മൂലം ഇന്ത്യയിലേയ്ക്കുള്ള ഇറക്കുമതി കുറയുകയും ഉപകരണങ്ങളുടെ ലഭ്യതയും ഉറപ്പ് വരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഏകദേശം 300 തൊഴിലവസരങ്ങളാണ് ഈ പദ്ധതി വഴി പ്രതീക്ഷിക്കുന്നത്. |
| (ബി) | അതിനൂതന മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മിതിയിലും വിപണനരംഗത്തും മെഡ്സ്-പാർക്കിന്റെ സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് വഴി മെഡിക്കൽ ഉപകരണങ്ങളുടെ ഇറക്കുമതിമൂലം രാജ്യത്തിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. ലൈഫ് സയൻസസ് പാർക്ക് ഒന്നാം ഘട്ടത്തിലെ 9 ഏക്കർ സ്ഥലത്ത് ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായിട്ട്, മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്-പാർക്ക്) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി മുഖേന പുതിയ മെഡിക്കൽ ഉപകരണങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.<br><br>മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ കൊടുക്കുന്നു:-<br><br>1. Prototyping – Pilot Manufacturing and Incubation Centre<br>2. Medical Device Testing & Evaluation Centre<br>3. R&D and Knowledge Resource Centre<br>4. Large Animal Breeding Testing Centre<br><br>മെഡ്സ്പാർക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദിഷ്ട സൗകര്യങ്ങൾ ഉപയോഗിച്ച് കമ്പനികൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ഉപകരണങ്ങളുടെ prototype ഉണ്ടാക്കുന്നതിനും ആയതിന് വേണ്ട പരിശോധനകൾ നടത്തുവാനും pre-clinical trials നടത്തുവാനും സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | Individual investors, സ്റ്റാർട്ടപ്പ് കമ്പനികൾ, തങ്ങളുടെ നൂതന ഉൽപ്പന്നങ്ങൾ വാണിജ്യ വൽക്കരണത്തിലേക്ക് കൊണ്ടുപോകാൻ ആഗ്രഹിക്കുന്ന എസ്.എം.ഇ-കൾ എന്നിവരാണ് ഇതിന്റെ ഗുണഭോക്താക്കൾ. തിരുവനന്തപുരത്തെ നിർദ്ദിഷ്ട മെഡ്സ്പാർക്ക് പ്രധാനമായും ഇംപ്ലാന്റുകളും എക്സ്ട്രാ കോർപ്പറൽ ഉപകരണങ്ങളും ഉൾപ്പെടുന്നതാണ്. ഈ മേഖലയിൽ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള വൈദഗ്ധ്യവും അനുഭവപരിചയവും ഉപയോഗപ്പെടുത്തി കൊണ്ട് ഉയർന്ന അപകടസാധ്യതയുള്ള ഇംപ്ലാന്റുകളുടെയും എക്സ്ട്രാകോർപ്പറൽ ഉപകരണങ്ങളുടെയും ഒരു പ്രധാന മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും അതുവഴി രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ വരുന്ന ഇതര മെഡിക്കൽ ഉപകരണ പാർക്കുകളുമായി ബന്ധപ്പെട്ട് മൂലധന നിക്ഷേപത്തിലെ ഓവർലാപ്പ് ഒഴിവാക്കാനുമാണ് മെഡ്സ്പാർക്ക് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി മൂലം പുതിയ മെഡിക്കൽ ഉപകരണങ്ങൾ ഇന്ത്യയിൽ കണ്ടുപിടിക്കാനും, ഇത് മൂലം ഇന്ത്യയിലേയ്ക്കുള്ള ഇറക്കുമതി കുറയുകയും ഉപകരണങ്ങളുടെ ലഭ്യതയും ഉറപ്പ് വരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഏകദേശം 300 തൊഴിലവസരങ്ങളാണ് ഈ പദ്ധതി വഴി പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ